# കോവൂർ യു പി എസ്
# അരിനല്ലൂർ പി ഒ

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# SCHOOL PROFORMA

| | | |
|---|---|---|
| Name of School | : | KOVOOR U P S, Arinalloor P.O |
| School Code | : | 41346 |
| Revenue District | : | Kollam |
| Sub District | : | Chavara |
| Established | : | 1921 |
| Panchayath | : | Mynagappally |
| Ward | : | Kovoor |
| CRC | : | Mynagappally |

# ഉള്ളടക്കം


| Sl.No | ഇനം | പേജ് .നം |
|---|---|---|
| 1. | ആമുഖം | |
| 2. | കാഴ്ചപ്പാട് | |
| 3. | വിദ്യാലയത്തിന്റെ ചരിത്രം | |
| 4. | ലക്ഷ്യങ്ങൾ | |
| 5. | പദ്ധതി രൂപീകരണം | |
| 6. | നിലവിലെ അവസ്ഥാവിശകലനം | |
| 7. | മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ | |
| 8. | പദ്ധതി വിശദാംശങ്ങൾ | |
| 9. | പ്രതീക്ഷിത നേട്ടങ്ങൾ | |
| 10. | മോണിറ്ററിങ് രീതി | |
| 11. | ഉപസംഹാരം | |

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞംവിദ്യാഭ്യാസ മേഖലയിൽ നവ ചൈതന്യം സൃഷ്ടിച്ചിരിക്കുകയാണ്. നമ്മുടെ വിദ്യാലയം ഭാവിയിൽ എങ്ങനെയായിത്തീരുമെന്ന് വിഭാവനം ചെയ്ത് അതിനായി ഏറ്റെടുക്കുന്ന അക്കാദമിക ദൗത്യത്തെ വിവരിക്കുന്ന രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ . രാജ്യാന്തര നിലവാരം കൈവരിക്കുകയാണ് ഇതിന്റെ ലക്ഷ്യം . ഓരോ പദ്ധതിയും സമയബന്ധിതമായി നടപ്പാക്കാൻ ഇത് സഹായിക്കും .

അക്കാദമിക മാസ്റ്റർ പ്ലാൻ മൂന്നു ഘടകങ്ങൾ ചേർന്നതാണ് . വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് , ആ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലുള്ള ലക്ഷ്യങ്ങൾ , ലക്ഷ്യത്തിൽ എത്തിച്ചേരാൻ ആസൂത്രണം ചെയ്യുന്ന വിവിധ പദ്ധതികൾ എന്നിവ ഉൾപ്പെടുന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ .

പൊതുവിദ്യാഭാസരംഗത്തെ സാഹചര്യങ്ങളെ വളരെ ഗൗരവത്തോടെ മനസിലാക്കാൻ ശ്രമിക്കുന്ന അധ്യാപക കൂട്ടായ്മയാണ് നമുക്കാവശ്യം .

കുട്ടികൾ ഒട്ടനവധി സർഗ്ഗവാസനകളുടെ ഉടമകളാണ് . ഈ സർഗ്ഗവാസനകളെ ശരിയായ വിധത്തിൽ ഉപയോഗിക്കുകയാണെങ്കിൽ കുട്ടികളുടെ പഠനനിലവാരം ഉയർത്താനും സാമൂഹിക നന്മക്കുപയോഗിക്കാനും കഴിയും. അതിനാൽ കുട്ടികളുടെ സമഗ്ര വികാസമാണ് ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ മുഖ്യ ലക്ഷ്യം .

# കാഴ്ചപ്പാട്

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അറിവിന്റെ ഉയർന്നതലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം സാധ്യമാക്കുക എന്നതാണ് ഞങ്ങളുടെ വിദ്യാലയത്തിന്റെ പ്രമുഖമായ കാഴ്ചപ്പാട്.
- 'കാമ്പസ്' തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിക്കുക വഴി പ്രകൃതിക്കിണങ്ങിയ ജൈവവൈവിധ്യ മേഖലകൾ വിദ്യാലയത്തിൽ സൃഷ്ടിക്കാൻ കഴിയണം.
- വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കിയും വേണ്ടുന്ന പിന്തുണ നൽകിയും കൊഴിഞ്ഞു പോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കണം.
- കൃഷി ഒരു സംസ്ക്കാരമാണ് എന്ന ബോധ്യപ്പെടുംവിധം സമൂഹവും വിദ്യാല യവും കൈകോർത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കണം.
- സ്കൂൾ പരിസരത്ത് ജൈവവൈവിധ്യ ഉദ്യാനം നിർമ്മിച്ച് സ്കൂൾ പാഠപുസ്തകമാക്കി മാറ്റുന്ന പ്രവർത്തനത്തെ പരിപോഷിപ്പിക്കണം
- പ്ലാസ്റ്റിക് മുക്ത കാമ്പസ് എന്ന ലക്ഷ്യത്തോടെ പാഠഭാഗവുമായി ബന്ധപ്പെട്ട് സ്കൂൾ തല വിദ്യാഭ്യാസത്തിന് മാർഗരേഖ തയ്യാറാക്കണം.
- ആരോഗ്യകരമല്ലാത്ത ഭക്ഷണരീതിയുടേയും ലഹരി ഉപയോഗത്തിന്റെയും അപകടങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുന്നതിനും അവരിലൂടെ സുരക്ഷാസന്ദേശം സമൂഹത്തിലെത്തിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടപ്പാക്കുക
- കേവലം പാഠങ്ങൾ പഠിക്കുന്ന ഇടം മാത്രമല്ല, മറിച്ച് കുട്ടികളുടെ വളർച്ചയുടെ അവിഭാജ്യമായ ഒരിടമാണ് വിദ്യാലയം. അതുകൊണ്ടുതന്നെ പ്രശ്നനിർഭരമായ വേളകളിലെല്ലാം ആത്മവിശ്വാസത്തോടെ അഭിമുഖീകരിച്ച് മറികടക്കാനുള്ള കൗൺസലിംഗ് കേന്ദ്രമായി വിദ്യാലയം മാറണം.
- പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിന്തുണയും പ്രോത്സാ ഹനവും നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ ആത്മവിശ്വാസത്തോടെ കൈപിടിച്ചുയർത്താൻ വിദ്യാലയങ്ങൾക്ക് കഴിയണം.
- ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കുട്ടികളിൽ മനസിനും ശരീരത്തിനും വ്യായാമം ലഭിക്കേണ്ട ആവശ്യകത സമൂഹം ബോധ്യപ്പെടുന്നതിനോടൊപ്പം ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- കുട്ടിയെ യൂണിറ്റായി പരിഗണിച്ചുകൊണ്ട് വ്യക്തിഗത IMP തയ്യാറാക്കി ഓരോ കുട്ടിക്കും അനുയോജ്യമായ പ്രവർത്തനപദ്ധതികൾ തയ്യാറാക്കണം.

- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക. വായനാനുഭവങ്ങൾ വിവിധ രീതി യിൽ പങ്കിടുന്നതിന് അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം കൈവരിക്കേണ്ടത് വിദ്യാലയത്തിന്റെ പ്രധാന കാഴ്ചപ്പാടാണ്.

- ഓരോ കുട്ടിയും മൂന്ന് ഭാഷകളിൽ എഴുത്ത്, വായന, ആശയവിനിമയശേഷി എന്നിവ നേടിയിരിക്കണം. അല്ലാത്ത പക്ഷം ഇവ ഉറപ്പിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആസൂ ത്രണം ചെയ്ത് നടപ്പിലാക്കേണ്ടത് അധ്യാപകർ, രക്ഷിതാവ്, സമൂഹം എന്നിവരുടെ ഉത്തരവാദിത്വമാണ് എന്ന തിരിച്ചറിവ് ഉണ്ടാകേണ്ടതുണ്ട്.

- രക്ഷിതാക്കളും വിദ്യാലയവുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ കോർണർ പി.ടി.എ യോഗങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

- രക്ഷിതാക്കളെ വായനയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുകയും വായന പരിപോഷ ണത്തിന് സമൂഹത്തിന്റെ സഹായവും പിന്തുണയും ലഭ്യമാക്കാവുന്നതാണ്.

- വിദ്യാരംഗം കലാസാഹിത്യവേദിയുമായി ചേർന്നുള്ള പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് വായനചർച്ചകൾ നടത്താവുന്നതാണ്. കുട്ടികളെ ഭാഷാമികവി ലേക്ക് ഉയർത്തുന്നതിന് ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച് കുറിപ്പെഴുതുന്ന കുട്ടികളെ കണ്ടെത്തി അഭിനന്ദിക്കുകയും അവരുടെ വായനാക്കുറിപ്പ് എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിക്കാവുന്നതുമാണ്.

- കുട്ടിയുടെ ശാസ്ത്രകിറ്റ്, അധ്യാപികയുടെ ശാസ്ത്രകിറ്റ്, സ്കൂൾ ശാസ്ത്രലാബ് എന്നി വയുടെ ഫലപ്രദമായ ഉപയോഗം ഉണ്ടാകേണ്ടതുണ്ട്.

- പഠനയാത്രകൾ, കുട്ടികൾ പരമാവധി പഠനനേട്ടങ്ങൾ ആർജ്ജിക്കുന്നതിന് അനുയോജ്യമായ രീതിയിൽ ആസൂത്രണം ചെയ്യേണ്ടതാണ്.

- കഥകൾ പാട്ടുകൾ നിർമ്മാണപ്രവർത്തനങ്ങൾ, ഗണിതപ്രോജക്ടുകൾ പ്രായോഗിക പ്രവർത്തനങ്ങൾ, പച്ചക്കറികൃഷി തുടങ്ങിയ പ്രവർത്തനങ്ങൾ വിവിധ ഗണിത ശേഷികൾ വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്താവുന്നതാണ്.

- വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്തി ലക്ഷ്യപൂർത്തീകരണത്തിന് സഹായിക്കുന്ന പദ്ധതികൾ ടാലന്റ് ലാബ് ആസൂത്രണം ചെയ്യാവുന്നതാണ്.

# വിദ്യാലയത്തിന്റെ ചരിത്രം

മൈനാഗപ്പള്ളി പഞ്ചായത്തിലെ കോവൂർ വാർഡിൽ 1921 മുമ്പ് തന്നെ ചെമ്പോൽ പെൺപള്ളിക്കൂടമെന്ന പേരിൽ 1 മുതൽ 7 വരെയുള്ള ക്ലാസുകളെ ഉൾപ്പെടുത്തി ഒരു വിദ്യാലയം നിലനിന്നിരുന്നു. 1921 ൽ അന്നത്തെ അവകാശിയായ ശ്രീ.പത്മനാഭൻ നായർ 1 മുതൽ 4 വരെയുള്ള ക്ലാസുകൾ ഉൾപ്പെടുന്ന പ്രൈമറി വിഭാഗം പൊതുജനങ്ങൾക്ക് വേണ്ടി സർക്കാരിലേക്ക് വിട്ടുകൊടുത്തു. അതിനുശേഷം സ്കൂൾ നടത്തിക്കൊ ണ്ടുപോരുന്നത് ചെമ്പോൽ ശ്രീ. അരവിന്ദാക്ഷൻ പിള്ളയായിരുന്നു. മൈനാഗപ്പള്ളി പഞ്ചാ യത്തിലേയും ചവറ സബ്ജില്ലയിലേയും ഏറ്റവും വലിയ യു.പി.സ്കൂളും ഏറ്റവും മികച്ച വിദ്യാലയവും എന്നത് ഈ കാലഘട്ടത്തിന്റെ ഏറ്റവും പ്രശംസനീയവുമായ വസ്തുതയാണ്.

കാലക്രമേണ 1998 1999 കാലഘട്ടത്തിൽ ഭൗതിക സാഹചര്യത്തിൽ വന്നമാറ്റം സ്കൂളിൽ കുട്ടികളുടെ എണ്ണം കുറയുവാൻ കാരണമായി. ഡിവിഷൻ കുറവുമൂലം സ്കൂളിലെ കുറച്ച് അധ്യാപകർ സംരക്ഷിത അധ്യാപകരായി പുറത്തുപോകേണ്ടിവന്നു. പ്രൊട്ടക്ഷൻ ആനുകൂല്യത്തിലാണ് ഈ 6 അധ്യാപകർ വിവിധ സ്കൂളുകളിലും ബി.ആർ. സിയിലും ജോലി ചെയ്തിരുന്നത്. ഈ കാലയളവിൽ (2011-12) സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയായ ശ്രീ. അജിത്കുമാർ ബി.പിള്ള സ്കൂൾ വാങ്ങുകയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു. കുട്ടികളെ അതിരറ്റു സ്നേഹിക്കുന്ന തന്റെ ഗ്രാമത്തിലെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം കിട്ടണം എന്ന മനസ്സോടെ അദ്ദേഹം കോവൂർ യു.പി.എസിനെ ഇന്നുകാണുന്ന ഹൈടെക് ആയ ബഹുനില കെട്ടിടത്തോടുകൂടിയ സ്കൂളാക്കിമാറ്റി. ഭൗതിക സാഹചര്യത്തിലും അക്കാദമിക പ്രവർത്തനങ്ങളിലും വന്ന മാറ്റം സ്കൂളി ലേക്ക് കുട്ടികൾ വരാൻ തുടങ്ങുകയും ഓരോ വർഷവും കുട്ടികളുടെ എണ്ണം കൂടികൂടി വരുകയും ചെയ്യുന്നു. പുറത്തുനിന്ന 6 സംരക്ഷിത അധ്യാപകർ 2015 കാലയളവിൽ തിരിച്ച് സ്കൂളിൽ എത്തുകയും ചെയ്തു. ഇന്ന് 435 കുട്ടികളുമായി വളരെ മികവോടെ തലയു യർത്തി നിൽക്കുകയാണ്. ഈ സരസ്വതിക്ഷേത്രം,

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു കൂട്ടം അധ്യാ പകരുടെ നിസ്വാർത്ഥവും ശ്രദ്ധാപൂർവ്വവും ചിട്ടയായതുമായ പഠനപ്രവർത്തനങ്ങളും ദീർഘ വീക്ഷണമുള്ള അധ്യാപക-രക്ഷാകർതൃസമിതിയുടെ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ്.

വിവിധ ക്യാമ്പുകൾ, വിദ്യാരംഗം കലാസാഹിത്യവേദി ഇവയുടെ നേതൃത്വ ത്തിൽ നടത്തുന്ന ദിനാചരണങ്ങൾ, ബോധവൽക്കരണക്ലാസുകൾ ഇവകുട്ടികളിൽ സാമൂ ഹികബോധവും ദേശീയബോധവും പഠനനിലവാരവും ഉയർത്താൻ കഴിയുന്നു.

സബ്ജില്ലാ കലോത്സവങ്ങളിലും ജില്ലാകലോത്സവങ്ങളിലും ശാസ്ത്ര-ഗണി തശാസ്ത്രപ്രവൃത്തി പരിചയമേളകളിലും കായികമേളകളിലും കുട്ടികൾ തുടർച്ചയായി മികവ് പുലർത്തി വരുന്നു.

# ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കും.
2. പ്രകൃതിക്കിണങ്ങിയ ജൈവവൈവിധ്യമേഖലകൾ സ്കൂളിൽ സൃഷ്ടിച്ച് വിദ്യാലയം തന്നെ പാഠപുസ്തകം എന്ന ആശയത്തെ വികസിപ്പിച്ചെടുക്കും.
3. വിദ്യാലയ പ്രവർത്തനങ്ങൾ കഴിയുന്നതും ആകർഷകമാക്കി കുട്ടികളുടെ കൊഴിഞ്ഞു പോക്ക് ഇല്ലാത്ത അവസ്ഥ ഉണ്ടാക്കും.
4. കൃഷി ഒരു സംസ്ക്കാരം ആണെന്ന് ബോധ്യപ്പെടുംവിധം സമൂഹവും വിദ്യാലയവും ചേർന്നുള്ള പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കും. പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യത്തോടെ പാഠഭാഗവുമായി ബന്ധപ്പെട്ട് സ്കൂൾതല വിദ്യാഭ്യാസത്തിന് മാർഗരേഖ തയ്യാറാക്കും.
5. പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യത്തോടെ പാഠഭാഗവുമായി ബന്ധപ്പെട്ട് സ്കൂൾതല വിദ്യാഭ്യാസത്തിനു മാർഗരേഖ തയ്യാറാക്കും
6. ലഹരി ഉപയോഗത്തിന്റെ അപകടങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുകയും അവരിലൂടെ സുരക്ഷാസന്ദേശങ്ങൾ സമൂഹത്തിലെത്തിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടപ്പാക്കും.
7. പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാകുട്ടികൾക്കും വേണ്ടുന്ന പിന്തുണയും പ്രോത്സാഹനവും നൽകി അവരെ സമൂഹത്തിന്റെ ഒരു ഭാഗമാക്കി മാറ്റും.
8. എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കി മാറ്റും
9. ഓരോ കുട്ടിയും മൂന്ന് ഭാഷകളിൽ എഴുത്ത്, വായന, ആശയവിനിമയശേഷി എന്നിവ നേടിയിരിക്കണം. ശേഷികൾ കൈവരിക്കാത്ത പക്ഷം ഇവ ഉറപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കും.
10. രക്ഷിതാവും വിദ്യാലയവുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ കോർണർ പി.ടി.എ യോഗങ്ങൾ സംഘടിപ്പിക്കും.
11. വായനാപരിപോഷണത്തിന് സമൂഹത്തിന്റെ സഹായവും പിന്തുണയും ലഭ്യമാക്കും.
12. വിദ്യാലയം സമൂഹത്തിലേക്ക് എന്ന കാഴ്ചപ്പാട് ശാക്തീകരിക്കുക.
13. പൊതുമുതൽ സംരക്ഷണം ഓരോരുത്തരുടേയും ഉത്തരവാദിത്വമാണെന്ന ധാരണ ശക്തിപ്പെഴുത്തുക.

14. വിദ്യാരംഗം കലാസാഹിത്യവേദിയുമായി ചേർന്നുള്ള പ്രവർത്തനങ്ങളിൽ എല്ലാകുട്ടികളേയും പങ്കെടുപ്പിച്ച് ഉയർത്തുന്നതിന് ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച് കുറിപ്പെഴുതുന്ന കുട്ടികളെ കണ്ടെത്തി അഭിനന്ദിക്കുകയും അവരുടെ വായനാക്കുറിപ്പ് എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുകയും ചെയ്യും
15. കുട്ടികളുടെ ശാസ്ത്രകിറ്റ്, അധ്യാപികയുടെ ശാസ്ത്ര കിറ്റ്, സ്കൂൾ ശാസ്ത്ര ലാബ് എന്നിവയുടെ ഫലപ്രദമായ ഉപയോഗം സ്കൂളിൽ ഉണ്ടാകും.
16. പഠനയാത്രകൾ, കുട്ടികൾ പരമാവധി പഠനനേട്ടങ്ങൾ ആർജ്ജിക്കുന്നതിന് അനുയോജ്യമായ രീതിയിൽ ആസൂത്രണം ചെയ്യും.
17. കഥകൾ പാട്ടുകൾ, നിർമ്മാണപ്രവർത്തനങ്ങൾ ഗണിത പ്രോജക്ടുകൾ, പ്രായോഗിക പ്രവർത്തനങ്ങൾ, പച്ചക്കറികൃഷി തുടങ്ങിയവ വിവിധ ഗണിതശേഷികൾ വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തും.
18. വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്തി ലക്ഷ്യപൂർത്തീകരണത്തിന് സഹായിക്കുന്ന പദ്ധതികൾ ടാലന്റ് ലാബ് ആസൂത്രണം ചെയ്യും.
19. മത്സരപ്പരീക്ഷകളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും കോച്ചിംഗും നൽകും.
20. പത്രവായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി മാസംതോറും പത്രക്വിസ് നടത്താനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കും
21. പോഷകപ്രദമായ ഉച്ചഭക്ഷണവിതരണം ഉറപ്പാക്കുന്നതിനായി ഉച്ചഭ ക്ഷണകമ്മിറ്റിയുടെ സഹായഹകരണങ്ങൾ ഉണ്ടായിരിക്കും

# പദ്ധതിരൂപീകരണപ്രക്രിയ

പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ വികസനകാഴ്ചപ്പാട് രൂപീകരിക്കുന്നതിനും സ്കൂൾ സമഗ്രവികസനരേഖ തയ്യാറാക്കുന്നതിനുമായി എല്ലാ അദ്ധ്യാപകരേയും ഉൾക്കാള്ളിച്ചുകൊണ്ട് ഒരു ആലോചനാ യോഗം 2025, മെയ്മാസത്തിൽ പി.ടി.എ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്തു. അദ്ധ്യാപകരിൽ നിന്നും 15 അംഗ കമ്മിറ്റി രൂപീകരിച്ച് ആ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ചിട്ടയായ പ്രവർത്തനങ്ങളിലൂടെയാണ്

### 1. സംഘാടകസമിതി രൂപീകരണം

രാഷ്ട്രീയ-സാമൂഹിക സാംസ്ക്കാരിക, വിദ്യാഭ്യാസ മേഖലയിലെ പ്രമുഖരെ ഉൾപ്പെടുത്തിക്കൊണ്ട് സംഘാടകസമിതി രൂപീകരിച്ചു.

### 2. പ്രത്യേക ക്ലാസ് സഭ

ഒരു വിദ്യാലയത്തിന്റെ ജീവൻ അവിടുത്തെ കുട്ടികളാണ്. അവരുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും പരിഗണിച്ചുകൊണ്ടുമാത്രമേ ഒരു വിദ്യാലയത്തിന്റെ വികസനപദ്ധതി രൂപപ്പെടുത്താൻ സാധിക്കൂ. ഇതിൽനിന്നാണ് ക്ലാസ് സഭ എന്ന ആശയം രൂപപ്പെട്ടത്. കുട്ടികൾ ഗ്രൂപ്പായി തിരഞ്ഞ് അവരുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും ആവശ്യങ്ങളും ചർച്ച ചെയ്ത് അവതരിപ്പിച്ചു. കുട്ടികളുടെ സ്കൂൾതല ശില്പശാലയിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുത്തു.

### 3. വിദ്യാലയ വികസനസമിതി രൂപീകരണം

20.05.2025 ൽ ചേർന്ന വിപുലമായ യോഗത്തിൽ വിദ്യാലയ വികസനസമിതി രൂപീകരിച്ചു. കോവൂർ വാർഡ് മെമ്പർ ശ്രീമതി.ലാലിബാബുവിന്റെ അദ്ധ്യക്ഷതയിൽ വികസനപദ്ധതി ചർച്ചചെയ്തു. മെപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

### 4. വികസനരേഖ

ഈ വർഷം നടത്താനുള്ള പ്രവർത്തനപദ്ധതികൾ സൂക്ഷ്മമായി ആസൂത്രണം ചെയ്യുന്നതിനും ഉടൻതന്നെ നടപ്പിൽ വരുത്തുന്നതിനും ധാരണയായി.

സ്കൂൾ പി.ടി.എയുടെ നേതൃത്വത്തിൽ പ്രവർത്തനപദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ തീരുമാനിച്ചു.

# നിലവിലെ അവസ്ഥാവിശകലനം

## കുട്ടികളുടെ എണ്ണം

| വർഷം | ആൺ | പെൺ | ആകെ |
|---|---|---|---|
| 2023-24 | 231 | 212 | 443 |
| 2024-25 | 214 | 221 | 435 |
| 2025-26 | 235 | 213 | 448 |

**Head Mistress - 1**
**Teaching Staff - 20**
**Non Teaching Staff - 1**

## ഭൗതിക സാഹചര്യം (നിലവിലുള്ളത്)

| ഇനം | എണ്ണം | ഇനം | എണ്ണം |
|---|---|---|---|
| ക്ലാസ് മുറികൾ | 18 | ഓഫീസ് ചെയർ | 3 |
| എച് എം റൂം | 1 | വൈറ്റ് ബോർഡ് | 18 |
| സ്റ്റാഫ് റൂം | 1 | ടീച്ചേർസ് ചെയർ | 20 |
| മാനേജർ റൂം | 1 | ഏസി ക്ലാസ് റൂം | 10 |
| ലൈബ്രറി | 1 | കിച്ചൺ | 1 |
| സയൻസ് ലാബ് | 1 | ഡൈനിങ്ങ് റൂം (ഹാൾ ) | 1 |
| കമ്പ്യൂട്ടർ റൂം | 1 | ഫാൻ | 50 |
| ഡെസ്ക് (വലുത്) | 46 | ഗ്യാസ് അടുപ്പ് | 2 |
| ഡെസ്ക് (ചെറുത്) | 188 | ജല ലഭ്യത (കുഴൽ കിണർ ) | |
| ബെഞ്ച് | 42 | ടാപ്പുകൾ | 50 |
| കസേര | 265 | ഗേൾസ് ടോയ്‌ലറ്റ് | 12 |
| കമ്പ്യൂട്ടർ ടേബിൾ | 3 | യൂറിനൽസ് | 12 |
| ഓഫീസ് ടേബിൾ | 2 | പ്രൊജക്ടർ | 6 |
| | | ലാപ് ടോപ് | 14 |

## ഇനം. അക്കാദമികം (നിലവിലുള്ളത്)

1. പഠനനില കണ്ടെത്താൻ Pre-Test നടത്തുന്നു.
2. പരിമിതകൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ
3. ക്ലാസ് , ലൈബ്രറി, പത്രം വായനസാമഗ്രികൾ, മാഗസിനുകൾ
4. English, Hindi Assembly
5. ശാസ്ത്രമൂല ഒരുക്കൽ
6. ലാബ് നവീകരണം, സാമഗ്രികൾ വാങ്ങൽ
7. പുസ്തകവായന ,ചർച്ച, വായനാക്കുറിപ്പ് തയ്യാറാക്കൽ, അവതരണം.
8. രക്ഷിതാക്കളുടെ വായന
9. മത്സരപ്പരീക്ഷാപഠനക്ലാസ്, USS Scholarship, അക്ഷരമുറ്റം
10. വിവിധ ക്ലബ് പ്രവർത്തനങ്ങൾ, പഠനോപകരണനിർമ്മാണം.
11. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ
12. പരീക്ഷണശില്പശാല, ശാസ്ത്രപദർശനം
13. പഠന യാത്രകൾ
14. ശ്രദ്ധ പഠനപിന്നോക്കാവസ്ഥ (ഗണിതം ,സയൻസ്, ഇംഗ്ലീഷ്, മലയാളം) ശനിയാഴ്ചകളുൾപ്പെടെയുള്ള അവധിദിവസങ്ങളിൽ
15. മലയാളത്തിളക്കം

## <u>ഇനി ആവശ്യമുള്ളവ</u>

### <u>ഭൗതികം</u>

1. ക്ലാസ് ലൈബ്രറി നവീകരിക്കുന്നതിന്റെ ഭാഗമായി അലൂമിനിയം ഫാബ്രിക്കേഷൻ ഉപയോഗിച്ച് അലമാരകൾ CPTAയുടെ സഹായത്തോടെ നിർമ്മിക്കണം.
2. SMS Alert സംവിധാനം (കുട്ടികൾ സ്കൂളിൽ എത്താതിരിക്കുമ്പോൾ SMS വഴി അറിയിക്കാനുള്ള സംവിധാനം)
3. സ്കൂൾ ആഡിറ്റോറിയം പി.ടി.എ, മാനേജ്മെന്റ് എന്നിവരുടെ സഹായത്തോടെ നിർമ്മിക്കണം.

# Kovoor UPS, Arinalloor P O

| | | |
|---|---|---|
| Manager | : | Sri. Ajithkumar B Pillai |
| Head Mistress | : | Smt. Sethulekshmi B |
| Senior Assistant | : | Smt. Ushakumari V |
| Staff Secretary | : | Shri.M.B.Shakkir |
| SRG Convener | : | Smt. Jayasree P |
| PTA President | : | Sri.Anil Mathai |
| MPTA President | : | Smt.Saranya S |
| Ward Member | : | Smt. Laly Babu |

## Club Conveners

| | | |
|---|---|---|
| Vidyaranngam Kalasahithyavedi | : | Smt. Sreelekshmi T S |
| Science Club | : | Smt. Divya G |
| Social Science Club | : | Smt. Manju J |
| Mathematics Club | : | Smt. Sophiya L R |
| English Club | : | Sri. Midhun S |
| Nature Club | : | Krishna Priya |
| Energy Club | : | Sri. Midhun S |
| Hindi Club | : | Sri. Gokulkrishna |

# നിശ്ചിത യോഗ്യത നേടിയ അദ്ധ്യാപകരുടെ പേരുവിവരം

| Sl. No. | Name | Designation | Qualification | Date of Birth |
|---|---|---|---|---|
| 1 | B. Sethulekshmi | HM | B.Sc., B.Ed. | 31.05.1971 |
| 2 | V Ushakumari | Hindi Tr | SSLC,<br>Hindi Bhooshan | 31.05.1972 |
| 3 | L. Jayasree | UPSA | B.Sc., B.Ed. | 30.05.1970 |
| 4 | S.Geetha | Sanskrit Tr | BA, B.Ed. | 30.05.1978 |
| 5 | M. Vaheeda Beevi | Arabic Tr | SSLC.<br>Afsal-ul Uluma Preliminary | 25.05.1976 |
| 6 | Jayasree P | UPSA | BA, B.Ed | 25.05.1976 |
| 7 | Abhijith B.S | UPSA | BA, B.Ed | 15.08.1992 |
| 8 | Aswathy Mohan | UPSA | BA, TTC | 27.05.1988 |
| 9 | Sreeja. R | UPSA | BA, B.Ed | 14.05.1984 |
| 10 | Sofiya L. R | UPSA | B.Sc, B.Ed | 11.01.1981 |
| 11 | Vineeth Kumar P | UPSA | BA, TTC | 11.10.1989 |
| 12 | Anitha Christopher | UPSA | M.Com, B.Ed. | 21.05.1984 |
| 13 | Manju. J | UPSA | M.Phil, B.Ed. | 15.06.1980 |
| 14 | Anjana Murali V | UPSA | M.Sc., B.Ed. | 30.05.1992 |
| 15 | Sreelekshmi T S | UPSA | MA, B.Ed. | 25.05.1988 |
| 16 | Divya G | UPSA | B.Sc., B.Ed. | 30.05.1981 |

| | | | | |
|---|---|---|---|---|
| 17 | Gokul Krishna | Hindi Tr. (Jr.) | Hindi Praveen | 30.05.1990 |
| 18 | Shakkir M | Urdu Tr | TTC (Urdu) | 01.08.1988 |
| 19 | Midhun S | UPSA | MA, B.Ed. | 27.05.1993 |
| 20 | Sreelekshmi V S | UPSA | B.Sc, B.Ed. | 20.03.1996 |
| 21 | Harees A | Office Assistant | SSLC Failed | 17.05.1972 |

# Strength of Students

## 2025-26

| Std | All community | | | SC | | | OBC Other than Muslim | | | Muslim | | | General students | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total |
| V | 87 | 65 | 152 | 16 | 14 | 30 | 25 | 13 | 38 | 34 | 22 | 56 | 12 | 16 | 28 |
| VI | 70 | 78 | 148 | 11 | 14 | 25 | 19 | 20 | 39 | 23 | 24 | 47 | 17 | 20 | 37 |
| VII | 78 | 70 | 148 | 12 | 17 | 29 | 24 | 21 | 45 | 23 | 21 | 44 | 19 | 11 | 30 |

# 2025-26, കോവൂർ UPS

# LEP

| Sl.No. | Name | Std | B/G |
|---|---|---|---|
| 1 | അമൃത കെ | V | G |
| 2 | വൈഗ | V | G |
| 3 | അൽഫിയ | V | G |
| 4 | ആദിദേവ് | VII | B |
| 5 | ഏബൽ സാബു | VII | B |
| 6 | മുഹമ്മദ് ഷാഫി | VII | B |
| 7 | ഹർഷ | VI | G |
| 8 | ദുർഗ | VI | G |
| 9 | ലിൻഡലാൽ | VII | G |
| 10 | അഭിരാമി | VII | G |

# <u>മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ</u>

**അക്കാദമികം 2025-26**

1. **എല്ലാ കുട്ടികളുടേയും അടിസ്ഥാനശേഷികൾ (വായന, ലേഖനം) ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ**
    a. പ്രീ-ടെസ്റ്റ് വഴി പിന്നോക്കക്കാരെ കണ്ടെത്തൽ
    b. പ്രത്യേക പ്രവർത്തന പാക്കേജ് തയ്യാറാക്കൽ
    c. ശനിയാഴ്ച ഉൾപ്പെടെയുള്ള അവധിദിവസങ്ങളിൽ ക്ലാസ്സെടുക്കൽ
2. **ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ, നവീകരിക്കൽ**
    a. അലൂമിനിയം ഫാബ്രിക്കേഷൻ ഉപയോഗിച്ച് അലമാര
    b. പുസ്തകശേഖരണം
3. **ഇംഗ്ലീഷ് ക്ലബ്ബ് ശാക്തീകരണം**
    a. ഇംഗ്ലീഷ് തീയേറ്റർ, ഇംഗ്ലീഷ് സ്പീച്ച്, ന്യൂസ് (എല്ലാദിവസവും) ഇംഗ്ലീഷ്
4. **കായികപരിശീലനത്തിനാവശ്യമായ ആധുനിക സംവിധാനങ്ങൾ**
5. **അധ്യാപക ശാക്തീകരണ പരിപാടികൾ**
6. **വായനാപരിപോഷണം:**
7. **സാംസ്ക്കാരിക ചരിത്ര-ശാസ്ത്രഫോട്ടോ ഗാലറി സ്കൂൾ പാർലമെന്റ് പ്രവർത്തനങ്ങൾ വിപുലപ്പെടുത്തൽ**
    a. നേതൃത്വ ശേഷി വികാസം ലക്ഷ്യമിട്ടുള്ള ശിൽപശാലകൾ
    b. പരിശീലനങ്ങൾ
    c. സെമിനാറുകൾ
    d. സാഹിത്യപോഷണ പരിപാടികൾ
    e. അഭിമുഖങ്ങൾ
    f. മെഡിക്കൽ ക്യാമ്പ്
8. **വാതിൽപുറ പഠന സാദ്ധ്യതകൾ ഉപയോഗപ്പെടുത്തൽ**
    a. VSSC തിരുവനന്തപുരം സന്ദർശനം
    b. ശാസ്താംകോട്ട ഫിൽറ്റർഹൗസ് സന്ദർശനം
    c. ജൈവകൃഷിത്തോട്ട സന്ദർശനം

# ഭൗതികം

1. എല്ലാ ക്ലാസ് മുറിയിലും അലൂമിനിയം ഫാബ്രിക്കേഷൻ ഉപയോഗിച്ച് അലമാര
2. ഓരോ വിഷയവുമായി ബന്ധപ്പെട്ട് പഠനോപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനം
3. വിദ്യാലയ നേട്ടങ്ങളുടെ പ്രദർശന സംവിധാനങ്ങൾ
4. ഗണിത, ശാസ്ത്രലാബുകളുടെ നവീകരണം
5. ആരും പിന്നിലല്ല എന്ന സമീപനത്തെ വിളംബരം ചെയ്യുന്ന ക്ലാസ് റൂം ലേ ഔട്ട്
6. ടൈം ടേബിൾ ബോർഡ്
7. കുട്ടികളുടെ അവകാശ പ്രതിക പ്രദർശിപ്പിക്കൽ
8. പാചകപ്പുര ആധുനികവൽക്കരിക്കൽ
9. പ്രഭാതഭക്ഷണം ആവശ്യമായ സൗകര്യങ്ങൾ നൽകൽ
10. സ്കൂൾ ഗാർഡന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി നൽകൽ
11. നിലവിലുള്ള ടോയ്ലറ്റിന്റെ ഭൗതികമായ പരിമിതികൾ പരിഹരിക്കൽ
12. ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിഗണിച്ചുകൊണ്ടുള്ള ടോയ്ലറ്റ്നിർമ്മാണം
13. എല്ലാ ക്ലാസ് മുറികളും Ac ആക്കൽ
14. (SMS Alert സംവിധാനം (കുട്ടികൾ സ്കൂളിൽ എത്താതിരിക്കുമ്പോൾ SMS വഴി അറിയിക്കാനുള്ള സംവിധാനം)

# സാമൂഹികം

1. PTA, SSG ഇവയുടെ സഹായത്തോടെ പ്രത്യേക പരിശീലനപരിപാടികൾ

2. ഇംഗ്ലീഷിൽ പ്രാവിണ്യം ഉള്ള അതിഥികൾ നടത്തുന്ന ക്ലാസ്സുകൾ, ശില്പശാലകൾ

3. പ്രാദേശിക കർഷകരെ സ്കൂളുമായി സഹകരിപ്പിക്കൽ

4. PTA, MPTA സഹകരണം കൂടുതൽ ഉറപ്പാക്കൽ

5. വിവിധ ആവശ്യങ്ങൾക്ക് Sponsor മാരെ കണ്ടെത്തൽ

6. ചെടിച്ചട്ടികൾ, ചെടികൾ, വളം, കൃഷിഉപകരണങ്ങൾ ഇവ സ്പോൺസർ ചെയ്യിക്കൽ

7. പൂർവ്വവിദ്യാർത്ഥികളുടെ സഹരണം ഉറപ്പാക്കൽ

8. കൃഷിയുടെ മാഹാത്മ്യം സമൂഹത്തെ ബോധ്യപ്പെടുത്തൽ

9. പ്രസാധകരെ നേരിട്ട് കണ്ടും പത്രഓഫീസുകളുമായി ബന്ധപ്പെട്ടും പുസ്തകങ്ങളും പത്രങ്ങളും ലഭ്യമാക്കൽ

10. ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠനപരിമിതികളെ മറികടന്ന് മുന്നേറുവാൻ പ്രാപ്തരാക്കൽ

11. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ബോധവത്ക്കരണപരിപാടികൾ സംഘടിപ്പിക്കൽ

12. ആരോഗ്യകരമല്ലാത്ത ഭക്ഷണരീതിയുടേയും ലഹരി ഉപയോഗത്തിന്റെയും അപകടങ്ങളെക്കുറിച്ച് ബോധവാൻമാരാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ❖ എല്ലാ കുട്ടികൾക്കും മാതൃഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കൽ | • പ്രീ ടെസ്റ്റ് നടത്തി പഠനനിലവാരം കണ്ടെത്തൽ, മികവുകളും പരിമിതികളും കണ്ടെത്തൽ | ജൂൺ ആദ്യ വാരം | ക്ലാസ് അധ്യാപകർ |
| ❖ വയോജനങ്ങളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിന്റെ ആവശ്യകത മനസ്സിലാക്കുക. | • സമീപ പ്രദേശത്തെ വയോജനത്തെ ആദരിക്കൽ | ജൂൺ രണ്ടാം വാരം | അധ്യാപകർ SRG PTA |
| ❖ എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക. | • എല്ലാ ക്ലാസ്സുകളിലും വായനാ മൂല സജ്ജീകരിക്കൽ | | |
| | • അസംബ്ലിയിൽ വാർത്തവായന | | |
| | • പ്രധാനപ്പെട്ട സംഭവങ്ങൾ എഴുതി പ്രദർശിപ്പിക്കൽ | ജൂൺ രണ്ടാം വാരം | ക്ലാസ് അധ്യാപകർ |
| ❖ പത്രവായനയെ പ്രോത്സാഹിപ്പിക്കൽ | • പത്രകിസ് മാസത്തിൽ ഒരിക്കൽ | ജൂൺ ആദ്യ വാരം | അധ്യാപകർ |
| ❖ ജി.കെ ഉറപ്പാക്കൽ | • ക്ലാസ്സുകളിൽ അക്ഷരമധുരം പദ്ധതി നടപ്പിലാക്കുക | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ❖ പുസ്തകവായന | • പുസ്തകചർച്ച സംഘടിപ്പിക്കൽ<br>• ദിനാചരണ പുസ്തക വായന<br>• വായനക്കുറിപ്പ് തയ്യാറാക്കൽ<br>• അസംബ്ലിയിൽ അവതരിപ്പിക്കൽ | ജൂൺ രണ്ടാംവാരം | ക്ലാസ് അധ്യാപകർ<br>വിദ്യാരംഗം കലാ-സാഹിത്യവേദി |
| ❖ വായന പരിപോഷണം | • വായന മത്സരം<br>• സാഹിത്യകാരനുമായി സംവദിക്കൽ<br>• അസംബ്ലിയിൽ വായിച്ച പുസ്തകങ്ങളെ ആധാരമാക്കിയുള്ള ആവിഷ്കാരങ്ങൾ<br>• കുറിപ്പ് അവതരണം<br>• വായനശാല സന്ദർശനം<br>• വായനശാല കേന്ദ്രീകരിച്ച് നടത്തുന്ന വായന മത്സര പരിപാടികൾ<br>• ക്ലാസ് ലൈബ്രറി/വായനമൂല വികസിപ്പിക്കൽ | ജൂൺ മുതൽ | അധ്യാപകർ<br>PTA, SRG<br>വ്യക്തികൾ<br>വിദ്യാരംഗം കലാ-സാഹിത്യവേദി<br>രക്ഷിതാക്കൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ❖ ഭാഷ, ഗണിതം, ശാസ്ത്രം, സാഹിത്യം, പരിസ്ഥിതി, കായികം എന്നീ മേഖലകളിലുള്ള ശേഷിയും താൽപര്യവും വർദ്ധിപ്പിക്കുക | • കഥകൾ<br>• കവിതകൾ<br>• വിവിധ നിർമാണ പ്രവർത്തനങ്ങൾ<br>• ഗണിത പ്രോജക്ടുകൾ<br>• പരീക്ഷണങ്ങൾ<br>• കായിക മത്സരങ്ങൾ<br>• വിവിധ ക്ലബ്ബുകളുടെ രൂപീകരണം | ജൂലൈ ആദ്യവാരം | അധ്യാപകർ<br>SRG, PTA<br>ക്ലബ്ബ് കൺവീനർമാർ |
| ❖ ബഹിരാകാശ പഠനത്തെകുറിച്ചുള്ള അവബോധം സൃഷ്ടിക്കുക | • അസംബ്ലിയിൽ റിപ്പോർട്ട് അവതരണം<br>• പതിപ്പ് തയ്യാറാക്കൽ<br>• ചിത്ര പ്രദർശനം<br>• ഡോക്യുമെന്ററി അവതരണം<br>• ക്വിസ് മത്സരം. | ജൂലൈ മൂന്നാംവാരം | അധ്യാപകർ<br>SRG<br>സയൻസ്ക്ലബ്ബ്<br>സോഷ്യൽ ക്ലബ്ബ്<br>PTA |
| ❖ കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക<br>❖ മിതവ്യയം വളർത്തുക<br>❖ ഗണിതശേഷികൾ ആർജ്ജിക്കുക | • 'Student's Savings scheme' | ജൂലൈ | അധ്യാപകർ<br>HM |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ❖ യുദ്ധം ഭൂമിയിൽ ഉണ്ടാക്കുന്ന വിപത്തിനെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക | • ഹിരോഷിമ ദിനം, നാഗസാക്കി ദിനം<br>• സഡാക്കോ കൊക്ക് നിർമ്മാണം<br>• പോസ്റ്റർ രചന<br>• പ്ലക്കാർഡ് നിർമ്മാണം<br>• റിപ്പോർട്ട് അവതരണം | ആഗസ്റ്റ് ആദ്യവാരം | സോഷ്യൽ ക്ലബ്ബ്<br>SRG |
| ❖ കുട്ടികളിൽ ദേശസ്നേഹം വളർത്തിയെടുക്കുക . | • ക്വിസ് മത്സരം<br>• പതിപ്പ് തയ്യാറാക്കൽ<br>• ദേശഭക്തിഗാനം<br>• വന്ദേമാതരം -ദൃശ്യാവിഷ്കാരം<br>• ചിത്രരചന<br>• പോസ്റ്റർ രചന<br>• പ്രസംഗം | ആഗസ്റ്റ് ആദ്യവാരം | സോഷ്യൽ ക്ലബ്ബ്<br>SRG, PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ❖ കുട്ടികളെ പ്രകൃതിയോട് ഇണക്കുക | • ജൈവ വൈവിധ്യ ഉദ്യാനം<br>• ഔഷധത്തോട്ട നിർമ്മാണം | | Nature ക്ലബ്ബ് |
| ❖ ഭരണഘടനയെ കുറിച്ച് കുട്ടിക്കളെ ബോധവാന്മാരാക്കുക . | • അസംബ്ലിയിൽ ഭരണഘടനക്ലാസ്<br>• ഡോക്യുമെന്ററി | ആഗസ്റ്റ് ആദ്യവാരം | അധ്യാപകർ സോഷ്യൽ ക്ലബ്ബ് |
| ❖ ലഹരി ഉപയോഗത്തിന്റെ അപകടങ്ങളെക്കുറിച്ച് ബോധവാന്മാരാകുന്നതിന് | • പ്രമുഖരുമായുള്ള അഭിമുഖം<br>• ബോധവൽക്കരണ ക്ലാസ്<br>• ഡോക്യുമെന്ററി<br>• പോസ്റ്റർരചന<br>• രക്ഷിതാക്കളെ ബോധവൽക്കരിയുക. | ആഗസ്റ്റ് ആദ്യവാരം | അധ്യാപകർ SRG, PTA വ്യക്തികൾ |
| ❖ പഠനയാത്ര | • ഓരോ വിഷമവുമായി ബന്ധപ്പെട്ട് പഠനനേട്ടങ്ങൾ ആർജ്ജിക്കുന്നതിന് അനുയോജ്യമായ രീതിയിൽ പഠനയാത്ര ആസൂത്രണം ചെയ്യൽ | | അധ്യാപകർ SRG, PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ❖ ശുചിത്വ ശീലങ്ങൾ, ആരോഗ്യ ശീലങ്ങൾ പാലിക്കുന്നതിന് | • ബോധവൽക്കരണക്ലാസ്<br>• ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം<br>• സെമിനാർ<br>• അസംബ്ലി-റിപ്പോർട്ട് അവതരണം<br>• Dental check up | സെപ്റ്റംബർ രണ്ടാംവാരം | അധ്യാപകർ<br>SRG, PTA<br>ആരോഗ്യപ്രവർത്തകർ |
| ❖ കായികമത്സരങ്ങളോട് താല്പര്യം ഉണ്ടാകുവാൻ | • ദേശീയ കായികദിനം<br>• കായിക മത്സരങ്ങൾ | ആഗസ്റ്റ് മൂന്നാംവാരം | സ്പോർട്സ്ക്ലബ്ബ്<br>അധ്യാപകർ |
| ❖ ഗാന്ധിജിയെക്കുറിച്ച് കുട്ടികളിൽ അറിവ് ഉണർത്താൻ | • ഒക്ടോബർ 2 - ഗാന്ധിജയന്തി<br>• ഗാന്ധി ജയന്തി ക്വിസ്<br>• ജീവചരിത്രകുറിപ്പ്<br>• പതിപ്പ് തയ്യാറാക്കൽ<br>• ചിത്രരചന<br>• കാർട്ടൂൺ | ആഗസ്റ്റ് ആദ്യവാരം | സോഷ്യൽ ക്ലബ്ബ്, കുട്ടികൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ❖ കേരളത്തെ പറ്റി കുട്ടികളിൽ അറിവ് ഉണർത്താൻ | • നവംബർ 1 കേരളപ്പിറവി<br>○ ചിത്രരചന<br>○ റിപ്പോർട്ട് അവതരണം | നവംബർ ആദ്യം | സോഷ്യൽ ക്ലബ്ബ് |
| ❖ ഭരണഘടനയെ പറ്റി അവബോധമുണ്ടാക്കുക | • നവംബർ 26 ഭരണഘടനാദിനം<br>○ ആമുഖം അസംബ്ലിയിൽ അവതരണം | നവംബർ അവസാന വാരം | സോഷ്യൽ ക്ലബ്ബ് |
| ❖ മനുഷ്യാവകാശങ്ങളെ പറ്റി ബോധവാന്മാരാകുക | • ഡിസംബർ 10 മനുഷ്യാവകാശദിനം<br>○ റിപ്പോർട്ട് അവതരണം | ഡിസംബർ ആദ്യം | സോഷ്യൽ ക്ലബ്ബ് |
| ❖ ഊർജസംരക്ഷണത്തെപറ്റി ബോധവാന്മാരാകുക | • ഡിസംബർ 14 - ഊർജസംരക്ഷണദിനം<br>○ ഊർജസംരക്ഷണക്ലാസ്<br>○ ഡോക്യുമെന്ററി | ഡിസംബർ രണ്ടാംവാരം | ശാസ്ത്രക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ❖ കുട്ടികളിൽ ദേശീയബോധം ഉണർത്താൻ | ● ജനുവരി 26 – റിപ്പബ്ലിക് ദിനം.<br>○ റിപ്പോർട്ട് അവതരണം<br>○ ക്വിസ് | ജനുവരി മൂന്നാംവാരം | സോഷ്യൽ ക്ലബ്ബ് |
| ❖ കുട്ടികളിൽ മാതൃഭാഷയുടെ മഹത്വം മനസ്സിലാക്കാൻ | ● ഫെബ്രുവരി 21 – മാതൃഭാഷാദിനം<br>○ കഥാരചന<br>○ കവിതാരചന | ഫെബ്രുവരി മൂന്നാംവാരം | വിദ്യാരംഗം കലാസാഹിത്യ വേദി |
| ❖ കുട്ടികളിൽ ശാസ്ത്രാഭിരുചി ഉണ്ടാക്കുന്നതിന് | ● ഫെബ്രുവരി 28 – ശാസ്ത്രദിനം<br>○ റിപ്പോർട്ട് അവതരണം<br>○ ശാസ്ത്ര മാഗസിൻ നിർമാണം<br>○ ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ | ഫെബ്രുവരി അവസാന വാരം | സയൻസ് ക്ലബ്ബ് |
| ❖ പോഷകാഹാരങ്ങളും അവയുടെ പ്രാധാനത്തെ പറ്റിയും കുട്ടികളെ മനസ്സിലാക്കുക. | ● ഡിസംബർ 14 – ഊർജസംരക്ഷണദിനം<br>○ ഊർജസംരക്ഷണക്ലാസ്<br>○ ഡോക്യുമെന്ററി | സെപ്റ്റംബർ -നവംബർ | അധ്യാപകർ SRG, PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ❖ അടിസ്ഥാന ഗണിതശേഷി സായത്തമാക്കുക | • എൽ.ഇ.പി ഹെൽപ്പിംഗ് ഹാന്റ് സംഘടിപ്പിക്കുക | ജൂൺ-നവംബർ | അധ്യാപകർ |
| ❖ വിദ്യാലയമികവുകൾ സമൂഹവുമായി പങ്കുവയ്ക്കുക<br>❖ പൊതുവിദ്യാലയത്തിന്റെ മെച്ചങ്ങൾ ബോധ്യപ്പെടുത്തുക | • നിറവ് 2025 സ്കൂൾ വാർഷികം ഒരു അദ്ധ്യയനവർഷം കുട്ടികൾ നേടിയ വിവിധ ശേഷികളുടെ അവതരണം (LED WALL മുഖേനയും നേരിട്ടും) | ഫെബ്രുവരി മാസം | മാനേജർ, PTA അധ്യാപകർ കുട്ടികൾ |

# പ്രതീക്ഷിത നേട്ടങ്ങൾ

1.അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാകത്തക്കവിധത്തിൽ കുട്ടി കളിൽ ധാരണകളും കഴിവുകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തും ഒപ്പം മത നിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കാനാവശ്യമായ മൂല്യബോധം ഉളവാക്കും.

2. പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യനിർമ്മാർജ്ജന അവബോധം, ലിംഗാവബോധം, വിമാർശനാത്മക അവബോധം, എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യും.

3.സ്കൂൾ തലത്തിൽ കൊഴിഞ്ഞ് പോക്ക് ഇല്ലാത്ത അവസ്ഥ ഉണ്ടാക്കും.

4.അന്വേഷണാത്മക പഠനരീതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ലൈബ്രറി, ലബോറട്ടറി എന്നിവ ആധുനിവൽക്കരിക്കാൻ കഴിഞ്ഞു.

5.സ്കൂൾ കാമ്പസ് ജൈവവൈവിധ്യ ഉദ്യാനമായി മാറുന്നു.

6.ശരിയായ ലൈംഗിക വിദ്യാഭ്യാസം ലഭിക്കാനുള്ള അവസരങ്ങൾ ലഭിക്കുന്നു. ഇതു വഴി കുട്ടികളുടെ ജീവിത വളർച്ചയിൽ അനുഭവപ്പെടുന്ന വൈകാരികപ്രശ്നങ്ങളും സാമൂഹികപ്രശ്നങ്ങളും ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കാനും മറികടക്കാ നുമുള്ള പിന്തുണ ലഭിക്കുന്നു.

7.ലഹരി വിരുദ്ധ മനോഭാവം വളരുന്നു.

8.കാർഷിക സംസ്കാരം കുട്ടികളിൽ വളരുന്നു.

9.ജനകീയ സമിതികളുടെ സഹായത്തോടെ ക്ലാസ് മുറികൾ കൂടുതൽ സ്മാർട്ട് ആകുന്നു.

10. കുട്ടികൾക്ക് മൂന്ന് ഭാഷകൾ (മാതൃഭാഷ ഇംഗ്ലീഷ്, ഹിന്ദി) അനായാസമായി കൈകാര്യം

11.ചെയ്യാൻ കഴിയുംപോഷകാഹാരം വിദ്യാലയത്തിലൂടെ ഉറപ്പാക്കാൻ കഴിയും.

12.കുട്ടികളുടെ വായനാശീലം പരിപോഷിപ്പിക്കുകയും എല്ലാ കുട്ടികളെ

13.സ്വതന്ത്രവായനക്കാരാക്കി മാറ്റിയെടുക്കാം.

14.പെൺകുട്ടികളിൽ ആത്മവിശ്വാസം വളരുന്നു.

15.ഓരോ വിദ്യാർത്ഥിയുടേയും കഴിവുകൾ കണ്ടെത്തി അവരെ മികവുറ്റവരാക്കി PTA, പൂർവ്വ

വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കാം.

16.ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിൽ കൂടുതൽ പ്രാവീണ്യം പകരാൻ പ്രത്യേക

പരിശീലന പരിപാടികൾ നടപ്പാക്കാം.

17.പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിന്തുണയും പ്രോത്സാഹനവും നൽകി

സമൂഹത്തിന്റെ മുഖ്യധാരയിൽ ആത്മവിശ്വാസത്തോ കൈപിടിച്ചുയർത്താം.

# മോണിറ്ററിംഗ് രീതി

കുട്ടികൾക്ക് അറിവിന്റെ ജനാലകൾ തുറന്നിടുന്നവരാണ് അധ്യാപകർ ഓരോ വിദ്യാർത്ഥിയും

പ്രതിഭകളാണ്. ഓരോരുത്തരുടേയും തനതുശേഷികൾ കണ്ടെത്തി വികസിപ്പിച്ചെടുക്കേണ്ടത്

അത്യാവശ്യമാണ്. കഴിവുകൾ കണ്ടതി വിലയിരുത്തുകയും പ്രോത്സാഹിപ്പിക്കുകയും

ചെയ്യില്ലെങ്കിൽ അവരിൽ പ് കർഷതാബോധം ഉണ്ടാകും. അവരിൽ ഒളിഞ്ഞിരിക്കുന്ന പ്രതിഭയെ

കണ്ടെത്തു കയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഓരോ അധ്യാപകന്റെയും ധർമ്മം.

കുട്ടികളിൽ അടിസ്ഥാന ഭാഷാശേഷികൾ നേടിയിട്ടുണ്ടോ എന്ന് പരിശോ ധിക്കുന്നതിനായി

DIET ന്റെ നേതൃത്വത്തിൽ കൃത്യമായ മോണിറ്ററിംഗ് രീതി ഉണ്ടാ കണം.

BRC CRC പ്രവർത്തനങ്ങൾ ഓരോ സ്കൂളിന്റെയും ശക്തി ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞു

കൊണ്ടായിരിക്കണം പിന്നോക്കം നിൽക്കുന്ന സ്കൂളുകളെ മുന്നോക്കം കൊണ്ടുവരാൻ ഉതകുന്ന

പ്രവർത്തനങ്ങളാണ് ഉണ്ടാകേണ്ടത്.

ഓരോ വിദ്യാലയവും ജനപങ്കാളിത്തത്തോടെ തയ്യാറാക്കുന്ന വികസനപ ദ്ധതികൾ

വിലയിരുത്തുന്നത് വിദ്യാലയവുമായി ബന്ധപ്പെട്ട സമൂഹമായിരിക്ക ണം.

തദ്ദേശസ്വയംഭരണവിദ്യാഭ്യാസസമിതികൾ പ്രതിമാസം കൂടി വിദ്യാലയ പ്രവർത്തനങ്ങൾ

കൃത്യമായി വിലയിരുത്തണം. ഓരോ കുട്ടിയേയും മികവിലെ ത്തിക്കുന്നതിന് ആവശ്യമായ

പ്രവർത്തനങ്ങൾ നൽകുന്നതിന് നൾ IIM ന്റെ മോണിറ്ററിംഗ് ആവശ്യമാണ്.

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ വികസനകാഴ്ചപ്പാട് രൂപീകരിക്കുന്നതിന് ആവശ്യ മായ പ്രവർത്തനപദ്ധതികൾ സൂക്ഷ്മമായി ആസൂത്രണം ചെയ്തു. വികസനകാഴ്ചപ്പാടിലേക്കുള്ള ലക്ഷ്യങ്ങൾ പരമാവധി നടപ്പിലാക്കും എന്ന ഉറപ്പോടെ ഈ വികസനരേഖ സമർപ്പിക്കുന്നു.

